FUEL TRANSPORT FROM PERINGALKUTHU TO CHALAKKUDY—DETAILS REGARDING

99. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) പെരിങ്ങൽകുത്തിൽ വെട്ടിശേഖരിച്ചു വെച്ചിരിക്കുന്ന വിറകു ചാലക്കുടിയിലേക്കു കൊണ്ടുപോരുന്നുണ്ടോ ?

(ബി) കൊണ്ടുപോരുന്നുണ്ടെങ്കിൽ ഒരു ടൺ വിറകിനു് എത്ര ചിലവുവരുന്നു;

(സി) ആകെ എത്ര ടൺ വിറകാണു വെട്ടിശേഖരിച്ചിരിക്കുന്നതു്;

(ഡി) എത്ര ടൺ വിറകു് ക ക-ാം തീയതി വരെ കൊണ്ടുപോന്നു;

(ഇ) വിറകു കൊണ്ടുപോരുന്നതു് കരാറു പ്രകാരമാണോ;

(എഫ്) കരാറു പ്രകാരമാണെങ്കിൽ ആരാണു കരാറുകാരൻ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ :

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) വ ന. ൭ ടൺ.

(ഡി), (ഇ), (എഫ്) ഉത്തരം ആവശ്യമില്ല.

DISCIPLINARY ACTION ON GOVERNMENT SERVANTS—PARTICULARS REGARDING

100. മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴത്തശ്ശൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടിപറയുമോ.—

(എ) ക ക കവ മുതൽഓരോ വർഷവും എത്ര ഉദ്യോഗസ്ഥന്മാരുടെ മേലാണു് ഗവണ്മെണ്ടു് ശിക്ഷണനടപടികൾ എടുത്തിട്ടുള്ളതു്; അവർ ആരെല്ലാം;

(ബി) ഓരോ ഡിപ്പാർട്ടുമെണ്ടിലും ഇത്തരം നടപടികൾക്കു വിധേയരായവരുടെ എണ്ണം എത്ര

(സി) ഡിപ്പാർട്ടുമെണ്ടു് മുഖേന എതെല്ലാം ശിക്ഷകളാണു്, ആക്കെല്ലാമാണു്, ഈ കാലത്തിനിടക്കു നൽകിയിട്ടുള്ളതു്?

റാവുസാഹിബ്ബു് എ. മാധവപ്രഭു :

(എ, ബി & സി) ആരുടെയെല്ലാം മേൽ ശിക്ഷാനടപടി എടുത്തിട്ടുണ്ടു് എന്നുള്ളതിനു ഒരു ലിസ്റ്റു് തയ്യാറാക്കുന്നതിനു വേണ്ടിവരുന്ന സമയച്ചിലവും ബുദ്ധിമുട്ടും അനുകൊണ്ടുണ്ടാകാവുന്ന പൊതുജനനന്മക്കു് അനുയോജ്യമായിരിക്കുകയില്ലാത്തതിനാൽ ഉത്തരം തരുവാൻ സാധ്യമല്ല.

DISTRIBUTION OF WORK OF FOOD MINISTER DURING HIS TOURS OUTSIDE

101. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) രാജ്യത്തിനു പുറത്തുള്ള വിദേശവിദ്യാഭ്യാസമന്ത്രിയുടെ ഔദ്യോഗികാനൌദ്യോഗികങ്ങളായ ഭീഘ്രയാത്രകൾക്കുനിമിത്തം അദ്ദേഹത്തിന്റെ ഭരണത്തിലിരിക്കുന്ന വകുപ്പുകൾ മറ്റു മന്ത്രിമാരുടെ ഭരണത്തിനായി എത്രപ്രാവശ്യം വിഭജിച്ചു കൊടുക്കേണ്ടിവന്നിട്ടുണ്ടു്;

(ബി) പ്രസ്തുത വകുപ്പുകൾ വിഭജിച്ചു കൊടുക്കപ്പെട്ട ഓരോ തവണയും എത്രകാലമാണു് അവ മറ്റു മന്ത്രിമാരുടെ ഭരണത്തിലിരുന്നിട്ടുള്ളതു്;

(സി) ഈ വകുപ്പുകൾ മറ്റു മന്ത്രിമാരുടെ ഭരണത്തിലിരുന്നിരുന്ന കാലങ്ങളിൽ വിദേശവിദ്യാഭ്യാസമന്ത്രിയുടെ ഗുമസ്തന്മാർ, ശിപായികൾ, ഡ്രൈവർ എന്നു തുടങ്ങിയവക്കു ജോലി എന്തായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ക ന ര ൭ ജൂലൈ ക ൪-ാം തീയതി വരെ ആകെ ആറുപ്രാവശ്യം.

(ബി) ക ൪— ക ക— ര ന്നു മുതൽ ക ക— ക ക— ര ന്നു വരെ

ക ര— ക— ര ൭ മുതൽ വ— ന— ര ൭ വരെ

ക ന്നു— ര— ര ൭ മുതൽ ക ര— ൪— ര ൭ വരെ

ന— ന്നു— ര ൭ മുതൽ ക ര— ന്നു— ര ൭ വരെ

LIBRARY ARCHIVES Kerala Legislative Assembly